(ബി) സംസ്ഥാനത്തെ വിവിധ സ്വകാര്യ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി, തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് തൊഴിലാളികൾക്ക് നൽകുന്നുണ്ടോയെന്ന് ഓൺലൈൻ വഴി പരിശോധിക്കാനും ഇതിൽ വീഴ്ച വരുത്തുന്ന ഉടമകൾക്കെതിരെ നിയമനടപടി സ്വീകരിക്കുവാനും കഴിയും.

(സി&ഡി) ശമ്പള സംരക്ഷണ നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല. എന്നാൽ വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മിനിമം വേതന ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

ഐ.ഡി. നിയമത്തിന്റെ സെക്ഷൻ 2(S) ഭേദഗതി ചെയ്യാൻ നടപടി

264 (2819) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെയിൽസ് പ്രൊമോഷൻ എംപ്ലോയിസ് (കണ്ടീഷൻസ് ഓഫ് സർവ്വീസസ്) ആക്ടിന്റെ പരിധിയിൽവരുന്ന ജീവനക്കാർക്ക് വർക്ക്മാൻ എന്ന പരിഗണന കിട്ടുന്നതിന് ഐ.ഡി. നിയമത്തിന്റെ സെക്ഷൻ 2(S) ഭേദഗതി ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(സി) 2005 ഡിസംബറിൽ പ്രസ്തുത ഭേദഗതി ഓർഡിനൻസായി ഇറക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) 1947-ലെ വ്യവസായിക തർക്കങ്ങൾ ആക്ടിന്റെ 2 (എസ്) വകുപ്പ് ഭേദഗതി ചെയ്യുന്നതിന്റെ ആവശ്യത്തിലേയ്ക്കായി 2012-ലെ വ്യവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ 13-ാം കേരള നിയമസഭയുടെ 69-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly